**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1931 — 14.07.2011-ൽ മറുപടിക്ക്

## ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടിയുള്ള കിളിമാനൂർ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി സത്യൻ | ശ്രീ. പി. ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കെ.ഡബ്ല്യു.എ വഴി ആറ്റിങ്ങൽ മണ്ഡലത്തിൽ ഉൾപ്പെട്ട കിളിമാനൂർ, പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്തുകൾക്ക് ശുദ്ധ ജലം എത്തിക്കുന്നതിനുവേണ്ടി വാമനപുരം സ്രോതസ്സ് പ്രയോജനപ്പെടുത്തി പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന കിളിമാനൂർ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതിവിശദീകരിക്കുമോ; | (എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട കിളിമാനൂർ പഴയകുന്നുമ്മേൽ പഞ്ചായത്ത് പ്രദേശങ്ങൾക്കും വർക്കല നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന മടവൂർ പഞ്ചായത്ത് പ്രദേശത്തും പ്രയോജനം ലഭിക്കുന്ന കിളിമാനൂർ പഴയകുന്നുമ്മേൽ, മടവൂർ വില്ലേജുകൾക്ക് വേണ്ടിയുള്ള സമഗ്ര ഗ്രാമീണ കുടിവെള്ള പദ്ധതിക്ക് 3100 ലക്ഷം രൂപയുടെ ഭരണാനുമതി 15.6.11-ൽ നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ നിർമ്മാണത്തിനാവശ്യമായ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. |
| (ബി) ഗ്രാമപഞ്ചായത്ത് ഇതിന് വേണ്ട സ്ഥലമെടുപ്പ് പൂർത്തിയാക്കിയിട്ടും നിർമ്മാണ പ്രവർത്തനം തുടങ്ങാനുള്ള തടസ്സം എന്താണെന്ന് വിശദമാക്കുമോ; | (ബി) ഗ്രാമപഞ്ചായത്തുകൾ, ഈ പദ്ധതിക്ക്വേണ്ടി ഏറ്റെടുത്ത സ്ഥലങ്ങൾ നിർമ്മാണ പ്രവത്തനങ്ങൾ നടത്തുവാൻ വേണ്ടി കേരള വാട്ടർ അതോറിറ്റിക്ക് കൈമാറേണ്ടതായിട്ടുണ്ട്. സ്ഥലം കൈമാറിക്കിട്ടിയാൽ വിവിധ ഘടകങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നിർമ്മാണ പ്രവർത്തികളുടെ ടെണ്ടർ വിളിക്കാവുന്നതാണ്. |

(സി) കെ.ഡബ്ല്യു.എ വർക്കല ഫേസ് III ഒറ്റൂർ, മണമ്പൂർ പഞ്ചായത്തുകൾക്ക് ശുദ്ധജലം നൽകുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതു സംബന്ധിച്ച് നൽകിയ രണ്ടു നിവേദനങ്ങളിൻമേലും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എപ്പോൾ പണി തുടങ്ങാൻ കഴിയുമെന്ന് അറിയിക്കുമോ?

(സി) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഒറ്റൂർ, മണമ്പൂർ പഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കുന്ന കുടിവെള്ള പദ്ധതിയാണ് വർക്കല സമഗ്ര ഗ്രാമീണ കുടിവെള്ള പദ്ധതി ഫേസ് I. ഈ പദ്ധതിയുടെ ഭാഗമായിട്ടുള്ള ഇൻടേക്ക് പമ്പ് ഹൗസ്, റോ വാട്ടർ പമ്പ്, റോവാട്ടർ പമ്പിംഗ് മെയിൻ, ജല ശുദ്ധീകരണശാല, ക്ലിയർ വാട്ടർ സമ്പ്, ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ, ഒറ്റൂർ ഉപരിതല സംഭരണി, മണമ്പൂരിൽ ഉപരിതല സംഭരണി, സമ്പും, പമ്പ് ഹൗസും, പമ്പ് സെറ്റ് സ്ഥാപിക്കൽ തുടങ്ങിയ പണികൾ പൂർത്തിയായി. ഇടവ ഇലകമൺ മണമ്പൂർ, ഒറ്റൂർ പഞ്ചായത്തുകൾക്ക് വേണ്ട ജലവിതരണ ശൃംഖലയുടെ 1210 ലക്ഷം രൂപയുടെ ഒരു പ്രൊപ്പോസൽ എസ്.എൽ.എസ്.എസ്.സി അംഗീകരിക്കുകയും ഭരണാനുമതി നൽകാനുള്ള നിർദ്ദേശം പരിശോധിച്ചുവരികയാണ്

സെക്ഷൻ ഓഫീസർ